(ബി) ഉണ്ടെങ്കിൽ എത്രയെണ്ണം പുതുതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു ?

ഉത്തരം

(എ & ബി) 17-6-2003-ലെ സ. ഉ. (എം.എസ്.) നമ്പർ 96/03/നി.വ. പ്രകാരം കെ.എസ്.ബി.സി.-ക്ക് 51 പുതിയ വിദേശമദ്യഷാപ്പുകൾ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

നിയമ വിരുദ്ധ മദ്യ വില്പന

52 (1106) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിയമ വിരുദ്ധ മദ്യ വില്പനയെപ്പറ്റി അന്വേഷിച്ചു കണ്ടെത്തി അതില്ലാതാക്കുക എന്ന കർത്തവ്യം എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥർ കൃത്യമായി നിർവഹിക്കാറുണ്ടോ ;

(ബി) എങ്കിൽ ദിനം പ്രതി വ്യാജ മദ്യ വില്പന കേന്ദ്രങ്ങൾ വർദ്ധിച്ചു വരുന്നതെന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. വീഴ്ച വരുത്തുന്ന സർക്കാർ ഉദ്യോഗസ്ഥർക്ക് എതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കാറുണ്ട്.

(ബി) ശക്തമായ എക്സൈസ് എൻഫോഴ്സ്മെന്റ് പ്രവർത്തനവും ബോധവൽക്കരണവും കൊണ്ട് പല വ്യാജ മദ്യ ഉല്പാദന വിപണന കേന്ദ്രങ്ങൾ ഇല്ലാതായിട്ടുണ്ട്. നിലവിലുള്ള വ്യാജ മദ്യ ഉല്പാദന വിപണന കേന്ദ്രങ്ങളിൽ ശക്തമായ റെയിഡുകൾ ഇപ്പോഴും നടന്നു വരുന്നു. അതുകൊണ്ട് ദിനംപ്രതി വ്യാജ മദ്യ വില്പന കേന്ദ്രങ്ങൾ വർദ്ധിച്ചു വരുന്നു എന്നത് ശരിയല്ല.

ബാലുശ്ശേരി എക്സൈസ് റേഞ്ചിലെ വ്യാജവാറ്റ്

53 (1107) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി എക്സൈസ് റേഞ്ചിൽ വ്യാജവാറ്റ് വർദ്ധിച്ചു വരുന്നതായുള്ള പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) വ്യാജവാറ്റ് സംബന്ധിച്ച് വിവരം ലഭിച്ചാലുടൻ സ്ഥലത്തെത്തി അതു കണ്ടുപിടിക്കുന്നതിന് ആവശ്യമായ വാഹനത്തിന്റെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് എന്തു നടപടിയാണ് കൈക്കൊണ്ടിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) 2002-2003, 2003 മേയ് മാസം വരെ പ്രസ്തുത റേഞ്ചിൽ എത്ര കേസ്സുകൾ എടുത്തിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) അടുത്തകാലത്ത് ലഭിച്ചതായി കാണുന്നില്ല.

(ബി) വ്യാജവാറ്റ് വ്യാജ മദ്യകടത്ത് എന്നിവ സംബന്ധിച്ച് പൊതു ജനങ്ങളിൽ നിന്നും പരാതി ലഭിച്ചാൽ സത്വര നടപടി സ്വീകരിക്കുന്നതിനുള്ള സംവിധാനം ഇപ്പോൾ നിലവിലുണ്ട്. വ്യാജമദ്യം കടത്തുന്നത് തടയുന്നതിനായി എക്സൈസ് സർക്കിൾ അടിസ്ഥാനത്തിൽ രാത്രികാല പട്രോളിംഗ് നടത്തുന്നുണ്ട്. കൂടാതെ ബാലുശ്ശേരി റേഞ്ച് ഉൾപ്പെടുന്ന പേരാമ്പ്ര സർക്കിൾ ഓഫീസിന് കീഴിൽ വ്യാജ മദ്യ നിർമ്മാണം, കടത്ത്/ വിൽപ്പന എന്നിവ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനുമായി പ്രത്യേക കൺട്രോൾ റൂം 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എല്ലാ ഓഫീസുകളിലും വാഹനങ്ങൾ എത്തിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു.

(ഡി) 2002 - 2003 വർഷത്തിൽ ആകെ 55 കേസുകളും, 2003 ഏപ്രിൽ, മേയ് മാസങ്ങളിലായി 9 കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

റേഷൻ വിതരണം മുടങ്ങാതിരിക്കാൻ നടപടി

54 (1108) ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. എൻ രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റേഷൻ വിതരണം മുടങ്ങാതിരിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ ;

(ബി) നിലവിലുള്ള പൊതുവിതരണ സമ്പ്രദായം തുടർന്നു കൊണ്ടുപോകുന്നതിന് എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) ഗോതമ്പ്, മണ്ണെണ്ണ, പഞ്ചസാര എന്നിവയുടെ സംസ്ഥാന വിഹിതം കുറഞ്ഞുപോകുന്നത് പൊതു വിതരണ സമ്പ്രദായത്തെ ബാധിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly